LIBRARY ARCHIVES Kerala Legislative Assembly

കന്ദമംഗലം അമ്പുമ്മൽ കോളനിയെ സ്വയം പര്യാപ്ത പട്ടികജാതി കോളനിയിൽ ഉൾപ്പെടുത്താൻ നടപടി

270(4556) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വയം പര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ പദ്ധതിയിൽ കന്ദമംഗലം നിയോജക മണ്ഡലത്തിലെ അമ്പുമ്മൽ കോളനിയെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പരിശോധിക്കുന്നതാണ്.

പട്ടികജാതി വിഭാഗത്തിന്റെ കടം എഴുതിത്തള്ളാൻ പദ്ധതി

271(4557) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിന്റെ കടം എഴുതിതള്ളാൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ എത്ര തുക വരെയാണ് എഴുതിതള്ളാൻ തീരുമാനിച്ചിട്ടുള്ളത്; ഏത് വർഷം വരെയുള്ള വായ്പയ്ക്കാണ് ഇത് ബാധകമാകുന്നത്;

(ബി) പട്ടികജാതി വിഭാഗത്തിന്റെ കടം എഴുതിതള്ളാൻ പദ്ധതി പ്രകാരം 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ എത്ര ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമായിട്ടുള്ളത്; റവന്യൂ ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങൾവഴി എടുത്ത കടമാണ് എഴുതിത്തള്ളുന്നത്;

(ഡി) എഴുതിത്തള്ളുന്ന സ്ഥാപനങ്ങൾക്ക് എത്ര തുകയാണ് മേൽ ഉദ്ധരിച്ച വർഷങ്ങളിൽ കൊടുത്തിട്ടുള്ളത്;

(ഇ) പട്ടികജാതി വിഭാഗത്തിന്റെ കടം എഴുതിത്തള്ളുന്നതിനുള്ള പദ്ധതി പ്രകാരം സർക്കാരിൽനിന്നും പണം ലഭ്യമായ ധനകാര്യ സ്ഥാപനങ്ങൾ അവർക്ക് ലഭ്യമായ ഫണ്ട് ഗുണഭോക്താക്കൾക്ക് കൊടുത്തിട്ടുണ്ടോ; ഏതെങ്കിലും ഒരു വർഷം ഇത് റിവ്യൂ ചെയ്തിട്ടുണ്ടോ?